**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1080** **09-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിലെ ഉരുൾപൊട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിൽ ഉരുൾപൊട്ടിയ സാഹചര്യത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ അപകടകരമാംവിധം മണ്ണിടിഞ്ഞു പോയതിനാൽ വശം കെട്ടാനുള്ള നടപടി ഉൾപ്പെടെ വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിൽ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2017 മുതൽ 2024 വരെയുള്ള കാലയളവിൽ 2,282 ലക്ഷം രൂപയുടെ 37 വർക്കുകളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ ഫണ്ടുപയോഗിച്ച് 152 ലക്ഷം രൂപയുടെ വർക്കുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം കോളയാട് ഗ്രാമപഞ്ചായത്തിൽ എടയാർ എന്ന സ്ഥലത്ത് എടയാർ വി.സി.ബി യുടെ താഴെ മരത്തടികൾ അടിഞ്ഞുകൂടി അഞ്ചരക്കണ്ടി പുഴയുടെ ഒഴുക്ക് തടസ്സപ്പെടുകയും പ്രസ്തുത സ്ഥലത്ത് വെള്ളക്കെട്ട് രൂപപ്പെടുകയും ചെയ്യുക വഴി സമീപവാസികൾക്ക് യാത്രചെയ്യുവാൻ സാധിക്കാതെയായി. വിവിധ വകുപ്പുകളുടെയും, പ്രദേശവാസികളുടെയും കൂട്ടായ പ്രവർത്തനം കൊണ്ട് തടസ്സങ്ങൾ മാറ്റി പുഴയുടെ നീരൊഴുക്ക് പുനഃസ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പുഴകളുടെ ഒഴുക്കിനെ ബാധിക്കുന്ന രീതിയിൽ മൺകൂനകളും വൻമരങ്ങളും ഉൾപ്പെടെ പുഴയിൽ നിൽക്കുന്നത് നീക്കം ചെയ്യുന്നതിനും വീടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | പുഴയുടെ ഒഴുക്കിനെ ബാധിക്കുന്ന രീതിയിൽ മൺകൂനകളും മറ്റും നീക്കം ചെയ്യുന്നതിനുള്ള 151.10 ലക്ഷം രൂപയുടെ 6 വർക്കുകളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ